കേന്ദ്ര ഗവൺമെന്റ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# വ്യാവസായികത്തർക്കങ്ങൾ (ബാങ്കിങ്ങ് കമ്പനികളും ഇൻഷ്വറൻസ് കമ്പനികളും) ആക്റ്റ്, 1949

**(1949-ലെ 54-ാം ആക്റ്റ്)**

(1-6-1974-ൽ നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1976

വില :

## കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# വ്യാവസായികത്തർക്കങ്ങൾ (ബാങ്കിങ്ങ് കമ്പനികളും ഇൻഷ്വറൻസ് കമ്പനികളും) ആക്റ്റ്, 1949

(1949-ലെ 54-ാം ആക്റ്റ്)

(1-6-1974-ൽ നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1976

# വ്യാവസായികത്തർക്കങ്ങൾ (ബാങ്കിങ്ങ് കമ്പനികളും ഇൻഷ്വറൻസ് കമ്പനികളും) ആക്റ്റ്, 1949

(1949-ലെ 54)

## ചില ബാങ്കിങ്ങ് കമ്പനികളും ഇൻഷ്വറൻസ് കമ്പനികളും സംബന്ധിച്ച വ്യാവസായികത്തർക്കങ്ങളുടെ ന്യായ നിർണ്ണയത്തിനു വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്

[1949 ഡിസംബർ, 15]

ഒന്നിലധികം സ്റ്റേറ്റുകളിൽ ശാഖകളോ മറ്റു സ്ഥാപനങ്ങളോ ഉള്ള ബാങ്കിങ്ങ് കമ്പനികളും ഇൻഷ്വറൻസ് കമ്പനികളും സംബന്ധിച്ച വ്യാവസായികത്തർക്കങ്ങളുടെ ന്യായ നിർണ്ണയത്തിനു വ്യവസ്ഥ ചെയ്യുന്നതു സമീചീനമായിരിക്കയാൽ; ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന്, വ്യാവസായികത്തർക്കങ്ങൾ (ബാങ്കിങ്ങ് കമ്പനികളും ഇൻഷ്വറൻസ് കമ്പനികളും) ആക്റ്റ്, 1949 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം, 'അവാർഡ്', 'ബാങ്കിങ്ങ് കമ്പനി, 'വ്യാവസായികത്തർക്കങ്ങൾ', 'ഇൻഷ്വറൻസ് കമ്പനി' എന്നീ പദങ്ങൾക്ക്, ഈ ആക്റ്റ് ഭേദഗതി ചെയ്യുന്ന പ്രകാരമുള്ള വ്യാവസായികത്തർക്കങ്ങൾ ആക്റ്റ് (1947-ലെ 14), 2-ാം വകുപ്പിൽ അവയ്ക്ക് യഥാക്രമം നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. (1947-ലെ 14-ാം ആക്റ്റ് 2-ാം വകുപ്പിന്റെ ഭേദഗതി) റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്റ്റ്, 1952 (1952-ലെ 48) 2-ാം വകുപ്പും പട്ടിക 1-നാലും റദ്ദാക്കപ്പെട്ടു

4. സ്റ്റേറ്റ് ഗവൺമെന്റുകൾ ചില വ്യാവസായികത്തർക്കങ്ങൾ ന്യായ നിർണ്ണയത്തിനോ അന്വേഷണ വിചാരണയ്ക്കോ ഒത്തുതീർപ്പിനോ ആയി റഫർ ചെയ്യുന്നതിന്റെ നിരോധനം.—മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും ബാങ്കിങ്ങ് കമ്പനിയോ ഇൻഷ്വറൻസ് കമ്പനിയോ സംബന്ധിച്ച ഒരു വ്യാവസായികത്തർക്കമോ, അല്ലെങ്കിൽ അങ്ങനെയുള്ള തർക്കം സംബന്ധിച്ച ഏതെങ്കിലും വിഷയമോ ന്യായ നിർണ്ണയത്തിനോ അന്വേഷണ വിചാരണയ്ക്കോ ഒത്തുതീർപ്പിനോ ആയി ഏതെങ്കിലും ട്രിബ്യൂണലിന്നോ മറ്റ് അധികാരസ്ഥാനത്തിന്നോ റഫർ ചെയ്യാൻ ഒരു സ്റ്റേറ്റ് ഗവൺമെന്റിനോ, അങ്ങനെയുള്ള ഗവൺമെന്റിന്റെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാര സ്ഥാനത്തിന്നോ ക്ഷമതയുണ്ടായിരിക്കുന്നതല്ല.

5. സ്റ്റേറ്റ് ട്രിബ്യൂണലുകളുടെ മുമ്പാകെ നിലവിലിരിക്കുന്ന തർക്കങ്ങൾ സംബന്ധിച്ച നടപടികളുടെ ഉപശമനവും അങ്ങനെയുള്ള തർക്കങ്ങൾ കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള ട്രിബ്യൂണലുകൾക്ക് റഫർ ചെയ്യുന്നതും.—(1) ഏതെങ്കിലും നിയമത്തിൻകീഴിൽ ഏതെങ്കിലും ബാങ്കിങ്ങ് കമ്പ

നിയോ ഇൻഷ്വറൻസ് കമ്പനിയോ സംബന്ധിച്ച ഏതെങ്കിലും വ്യാവസായികത്തർക്കങ്ങളോ, അങ്ങനെയുള്ള തർക്കങ്ങൾ സംബന്ധിച്ച ഏതെങ്കിലും വിഷയമോ 1949 ഏപ്രിൽ 30-ാം തീയതിക്കുമുമ്പ് സ്റ്റേറ്റ്ഗവൺമെന്റോ അങ്ങനെയുള്ള ഗവൺമെന്റിന്റെ കീഴിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ ന്യായനിർണ്ണയത്തിനോ ഒത്തുതീർപ്പിനോ ആയി ഏതെങ്കിലും ട്രിബ്യൂണലിനോ മററധികാരസ്ഥാനത്തിനോ റഫർ ചെയ്തിരിക്കുകയും, അങ്ങനെയുള്ള റഫറൻസ് സംബന്ധിച്ചതോ അതിൽ നിന്ന് ഉദ്ഭവിക്കുന്നതോ ആയ ഏതെങ്കിലും നടപടികൾ ആ തീയതിക്ക് തൊട്ടുമുമ്പ് ഏതെങ്കിലും ട്രിബ്യൂണലിന്റെയോ അധികാര സ്ഥാനത്തിന്റെയോ മുമ്പാകെ നിലവിലുണ്ടായിരുന്നിരിക്കുകയും ചെയ്യുന്നിടത്ത്, മേല്പറഞ്ഞ തീയതിയിൽ അങ്ങനെയുള്ള റഫറൻസ് പിൻവലിച്ചതായി കരുതപ്പെടുന്നതും, അങ്ങനെയുള്ള എല്ലാ നടപടികളും ഉപശമിക്കുന്നതും ആകുന്നു.

(2) **കേന്ദ്ര ഗവൺമെന്റ്, ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം ആകുന്നത്ര വേഗത്തിൽ, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഏതൊരു വ്യാവസായികത്തർക്കവും മുൻപറഞ്ഞ ആക്ററിൻകീഴിൽ ഏർപ്പെടുത്തിയ ഒരു വ്യാവസായിക ട്രിബ്യൂണലിന് ന്യായനിർണ്ണയത്തിനായി ലിഖിതമായ ഉത്തരവുവഴി മുൻപറഞ്ഞ ആക്ററ് 10-ാം വകുപ്പിൻകീഴിൽ റഫർ ചെയ്യേണ്ടതാകുന്നു.**

6. **ഏതു തർക്കങ്ങൾ സംബന്ധിച്ചാണോ അവാർഡുകളോ തീരുമാനങ്ങളോ നല്കപ്പെട്ടിട്ടുള്ളത്, ആ തർക്കങ്ങൾ പുനർ ന്യായനിർണ്ണയത്തിനായി റഫർ ചെയ്യുവാൻ കേന്ദ്ര ഗവൺമെന്റിനുള്ള അധികാരങ്ങൾ.**—(1) സ്റ്റേററ് ഗവൺമെന്റ് ഏർപ്പെടുത്തിയതോ നിയമിച്ചതോ ആയ ഏതെങ്കിലും ട്രിബ്യൂണലോ മററധികാരസ്ഥാനമോ, അല്ലെങ്കിൽ അങ്ങനെയുള്ള ഗവൺമെന്റിന്റെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ ഏതെങ്കിലും ബാങ്കിങ്ങ് കമ്പനിയോ ഇൻഷ്വറൻസ് കമ്പനിയോ സംബന്ധിച്ച ഏതെങ്കിലും വ്യാവസായികത്തർക്കം സംബന്ധിച്ച് ഏതെങ്കിലും അവാർഡോ തീരുമാനമോ നല്കിയിട്ടുള്ളിടത്ത്, കേന്ദ്ര ഗവൺമെന്റിന് മുൻപറഞ്ഞ അവാർഡോ തീരുമാനമോ പ്രാബല്യത്തിലുണ്ടെന്നിരുന്നാലും, ലിഖിതമായ ഉത്തരവുവഴി, ആ തർക്കമോ തർക്കത്തിലുള്ള വിഷയങ്ങളിൽ ഏതെങ്കിലുമോ മുൻപറഞ്ഞ ആക്ററിൻകീഴിൽ ഏർപ്പെടുത്തിയ ഒരു വ്യാവസായിക ട്രിബ്യൂണലിന്റെ മുമ്പാകെ പുനർ ന്യായനിർണ്ണയത്തിനായി മുൻപറഞ്ഞ ആക്ററ്, 10-ാം വകുപ്പിൻകീഴിൽ റഫർ ചെയ്യുകയും അങ്ങനെ നല്കപ്പെട്ട അവാർഡോ തീരുമാനമോ, അല്ലെങ്കിൽ അങ്ങനെയുള്ള അവാർഡിന്റെയോ തീരുമാനത്തിന്റെയോ ഏതെങ്കിലും ഭാഗമോ നടപ്പിലാക്കുന്നത്, ആ തർക്കമോ തർക്കത്തിലുള്ള വിഷയങ്ങളിൽ ഏതെങ്കിലുമോ പുനർ ന്യായനിർണ്ണയത്തിനായി റഫർ ചെയ്യപ്പെട്ടിട്ടുള്ള വ്യവസായ ട്രിബ്യൂണൽ അതിന്റെ അവാർഡ് സമർപ്പിക്കുന്നതുവരേയോ, അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് ആവശ്യകമെന്ന് കരുതുന്ന കൂടുതൽ കാലത്തേക്കോ നിറുത്തിവയ്ക്കുകയും ചെയ്യാവുന്നതാണ്.

(2) തർക്കമോ തർക്കത്തിലുള്ള വിഷയങ്ങളിൽ ഏതെങ്കിലുമോ പുനർ ന്യായനിർണ്ണയത്തിനായി അപ്രകാരം റഫർ ചെയ്യപ്പെട്ടിട്ടുള്ള വ്യവസായ ട്രിബ്യൂണൽ, മുൻപറഞ്ഞ ആക്ററ്, 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ അതിന്റെ അവാർഡ് സമർപ്പിച്ചതിനുശേഷം, കേന്ദ്ര ഗവൺമെന്റിന്, ലിഖിതമായ ഉത്തരവുവഴി, സ്റ്റേററ് ഗവൺമെന്റ് ഏർപ്പെടുത്തിയതോ നിയമിച്ചതോ ആയ ട്രിബ്യൂണലോ മററധികാരസ്ഥാനമോ അല്ലെങ്കിൽ അങ്ങനെയുള്ള ഗവൺമെന്റിന്റെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ

അങ്ങനെയുള്ള തർക്കം സംബന്ധിച്ച് മുൻപു നല്കിയിട്ടുള്ള അവാർഡോ തീരുമാനമോ, അല്ലെങ്കിൽ ആ അവാർഡിന്റേയോ തീരുമാനത്തിന്റേയോ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന ഭാഗമോ പ്രവർത്തനത്തിൽ ഇല്ലാതായിത്തീരുന്നതാണെന്ന് പ്രഖ്യാപിക്കാവുന്നതാണ്.

7. ആർഡിനൻസ് 1949-ലെ 28, റദ്ദാക്കൽ—(1) വ്യാവസായികത്തർക്കങ്ങൾ (ബാങ്കിങ്ങ് കമ്പനികളും ഇൻഷ്വറൻസ് കമ്പനികളും) രണ്ടാം ആർഡിനൻസ്, 1949 (1949-ലെ 28) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിട്ടുണ്ടെന്നിരുന്നാലും, മുൻപറഞ്ഞ ആർഡിനൻസോ അതിൻകീഴിലോ നല്കുന്ന ഏതെങ്കിലും അധികാരം പ്രയോഗിക്കുന്നതിൽ ചെയ്ത എന്തെങ്കിലും, ചെയ്തതോ നടപടി എടുത്തതോ ആയ തീയതി പ്രാബല്യത്തിലുണ്ടായിരുന്നാലെന്നപോലെ ഈ ആക്റ്റോ അതിൻകീഴിലോ നല്കുന്ന അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതപ്പെടുന്നതാകുന്നു.